

THURSDAY 31/10/2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor: Nizam S A  Editor: Dr. Binu Harriet Ivan



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 31/10/2024

1. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 16-ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷ ക്ഷണിക്കുന്നു. സംസ്ഥാനതലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് രണ്ടു ലക്ഷം (Rs. 2,00,000) രൂപയും ജില്ലാതലത്തിൽ 50,000/- രൂപാ വീതമുള്ള 13 അവാർഡുകളും മട്ടുപ്പാവ്, സ്കൂൾ, കോളേജ്, വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകൾക്കായി 10,000/- രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളും ഉണ്ടായിരിക്കും. മൂന്നു വർഷത്തിനു മേൽ പൂർണമായും ജൈവഭക്ഷണകൃഷി ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. വെള്ളക്കടലാസിൽ കൃഷിയുടെ ലഘു വിവരണവും പൂർണ മേൽവിലാസവും വീട്ടിൽ എത്തിച്ചേരാനുള്ള വഴിയും 2 ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം. ഫോട്ടോകളോ, മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം അയക്കരുത്. അപേക്ഷ അയക്കേണ്ട വിലാസം : കെ. വി. ദയാൽ, അവാർഡ് കമ്മറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ., ആലപ്പുഴ - 688525. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2024 നവംബർ 30. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9447152460, 9447249971 .

2. ജില്ലാ മൃഗസംരക്ഷണ വകുപ്പ്, കേന്ദ്ര സർക്കാരിന്റെ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിലൂടെ ഈടില്ലാതെ 1,60,000 രൂപ വായ്പ നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. ക്ഷീര കർഷകർ, ആട് കർഷകർ, മുയൽ വളർത്തൽ കർഷകർ, കോഴി കർഷകർ എന്നിവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ അതത് മൃഗാശുപത്രികൾ മുഖാന്തിരം അപേക്ഷ സമർപ്പിക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. സംസ്ഥാന ഇൻഷുറൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ കന്നുകാലി ഇൻഷുറൻസ് പദ്ധതി മുഖേന അരലക്ഷം കന്നുകാലികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കും. മൃഗസംരക്ഷണ വകുപ്പുമായും യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ അമ്പതിനായിരം കന്നുകാലികൾക്കാണ് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നത്. ഈ വർഷത്തിനുള്ളിൽ ഒരുലക്ഷം കന്നുകാലികൾക്കെങ്കിലും ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുകയാണ് ലക്ഷ്യം. ചരിത്രത്തിൽ ആദ്യമായിട്ടാണ് മൃഗസംരക്ഷണ വകുപ്പ് സംസ്ഥാന ഇൻഷുറൻസ് വകുപ്പുമായി ചേർന്ന് കന്നുകാലി ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത്. 65,000 രൂപ വരെ മതിപ്പുവിലയുള്ള കന്നുകാലികൾക്കാണ് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നത്. മൂന്ന് വർഷത്തേക്ക് ഇൻഷൂർ ചെയ്യുന്നതിനായി മതിപ്പുവിലയുടെ 10.98 ശതമാനം പ്രീമിയം നിരക്കും നിശ്ചയിച്ചിട്ടുണ്ട്. പരമാവധി അഞ്ചുലക്ഷം രൂപ വരെയാണ് ഒരു കർഷകന് ലഭിക്കുന്ന പേർസണൽ ആക്സിഡന്റൽ ഇൻഷുറൻസ് കവറേജ്.

4. വെള്ളായണി കാർഷിക കോളേജിലെ വിജ്ഞാന വ്യാപന വിഭാഗത്തിൽ ICODICE പ്രോജക്ടിലേക്ക് റിസർച്ച് അസിസ്റ്റന്റ്, സ്കിൽഡ് അസിസ്റ്റന്റ് എന്നി ഒഴിവുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. ഇന്റർവ്യൂ നവംബർ 4 രാവിലെ 11 മണിയ്ക്ക്. കരാർ അടിസ്ഥാനത്തിലാണ് നിയമനം. റിസർച്ച് അസിസ്റ്റന്റ് (1 ഒഴിവ്). യോഗ്യത: അഗ്രികൾച്ചർ ബിരുദം + എം.ബി.എ.ശമ്പളം: 40000 രൂപ., സ്കിൽഡ് അസിസ്റ്റന്റ് (2 ഒഴിവ്). യോഗ്യത: അഗ്രികൾച്ചർ ബിരുദം ശമ്പളം: 12500 രൂപ. ബയോഡേറ്റ അയയ്ക്കേണ്ട ഇമെയിൽ: icodice2024@gmail.com കൂടുതൽ വിവരങ്ങൾക്ക് : archana.rs@kau.in

5. തൃശ്ശൂർ ജില്ലകളിലെ ക്ഷീരകർഷകർ, സംരംഭകർ എന്നിവർക്കായി പാലക്കാട് ജില്ലയിലെ ആലത്തൂർ വാനൂരിലെ ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് "ശാസ്ത്രീയ പശുപരിപാലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. നവംബർ മുതൽ 8 വരെയാണ് പരിശീലനം. ആധാർ / തിരിച്ചറിയൽ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നീ രേഖകൾ സഹിതം കർഷകർക്ക്പരിശീലനത്തിൽ പങ്കെടുക്കാം. താൽപര്യമുള്ളവർ നവംബർ രണ്ടിന് വൈകീട്ട് നാലു മണിക്ക് മുമ്പായി dd-dtc-pkd.dairy@kerala.gov.in/ dtcalathur@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ 04922- 226040, 9446521303 എന്നീ ഫോൺ നമ്പറുകൾ മുഖേനയോ രജിസ്റ്റർ ചെയ്യണം.

6. കേരസുരക്ഷ നവംബർ 15 വരെ നാളികേരള വികസന ബോർഡിൻ്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന **കേരസുരക്ഷ ഇൻഷുറൻസ് പദ്ധതിയിൽ അപേക്ഷ നവംബർ 15** വരെ സമർപ്പിക്കാം. 94 രൂപയാണ് പ്രീമിയം. കൂടുതൽ വിവരങ്ങൾക്ക് 0484 2377266 എക്സ്റ്റെൻഷൻ 104 എന്ന നമ്പറിൽ നാളികേര വികസന ബോർഡിന്റെ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗവുമായി ബന്ധപ്പെടുക.

7. റബ്ബർ ബോർഡ് റബ്ബർ ടാപ്പിങ്ങിൽ പുനലൂർ മാവിള അരിപ്ലാച്ചിയിലെ കേന്ദ്രത്തിൽ പരിശീലനം നൽകുന്നു. 18നും 59നും മധ്യേ പ്രായമുള്ള എഴുത്തും വായനയും അറിയാവുന്നവർക്ക് അപേക്ഷിക്കാം. പ്രായം തെളിയിക്കുന്ന രേഖകളുമായി പരിശീലന കേന്ദ്രത്തിലോ പുനലൂരിലെ റീജണൽ ഓഫീസിലോ ഹാജരാകണം. ഫോൺ: 9496431140, 9846563349.

**പരിശീലന പരിപാടി**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം നവംബർ 18 മുതൽ 22 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. E-mail:training@rubberboard.org.in

9. കാർഷിക നിർദേശം

**തെങ്ങ്**

തെങ്ങൊന്നിന് 275 ഗ്രാം യൂറിയ, 300 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 500 ഗ്രാം പൊട്ടാഷ് എന്ന തോതിൽ വളപ്രയോഗം നടത്താവുന്നതാണ്. തെങ്ങിന് നിന് തടം തുറന്ന് വേനൽകാലത്ത് മണ്ണിലെ ഊർപ്പം നിലനിർത്തുന്നതിനായി ഉണങ്ങിയ ചകിരി തൊണ്ട് അടുക്കുന്നതിനും മറ്റ് പുതയിടൽ നടപടികൾ സ്വീകരിക്കുന്നതിനും അനുയോജ്യമായ സമയമാണ്. കൂമ്പുചീയൽ രോഗത്തിനെതിരെ മുൻകരുതലുകൾ നടപടികൾ സ്വീകരിക്കുക. ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി, ചെന്നീരൊലിപ്പ്, മഹാളി മുതലായവക്കെതിരെ കർഷകർ ജാഗ്രത പാലിക്കേണ്ടതാണ്.

**കാപ്പി**

പോളിബാഗ് തൈകൾ നടാൻ അനുയോജ്യ സമയം. കായ് തുരപ്പനെ നിയന്ത്രിക്കുവാൻ കാർബാറിൽ50 WP 4 കിലോഗ്രാം200 ലിറ്റർവെള്ളത്തിൽ എന്ന തോതിൽ തളിക്കേണ്ടതാണ്

**വെള്ളരിവർഗ്ഗ പച്ചക്കറികൾ- മൃദുരോമപൂപ്പ് രോഗം**

വെള്ളരി വർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്നകുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി രണ്ടര ഗ്രാം മാങ്കോസെബ് ഒരുലിറ്റർ വെള്ളത്തിൽ എന്നതോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കിതളിക്കുക.